**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2779** **06-10-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ ഭരണസമിതി അറിയാതെ ജീവനക്കാർ നടത്തുന്ന ക്രമക്കേടുകൾക്ക് ഭരണസമിതിക്കെതിരെ നടപടി വരുന്നത് തടയുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ഭരണ സമിതികൾക്കാവശ്യമായ പരിശീലനം നൽകുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ നിയമം (രണ്ടാം ഭേദഗതി) ചട്ടം 50A പ്രകാരം സഹകരണ സംഘങ്ങളിൽ പുതുതായി തെരെഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി അംഗങ്ങൾക്ക് പരിശീലനം നിർബന്ധമാക്കിയ സാഹചര്യത്തിൽ, പരിശീലന പരിപാടികൾ നടത്തുന്നതിനായി ഐ.സി.എം തിരുവനന്തപുരം, ഐ.സി.എം കണ്ണൂർ, എ.സി.എസ്.റ്റി.ഐ. തിരുവനന്തപുരം, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ എന്നീ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളിൽ നിന്ന് ആകെ 4161 പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ക്രമക്കേട് നടത്തി വിദേശത്തേക്ക് കടന്നുകളയുന്ന ജീവനക്കാരെ തിരികെ നാട്ടിലെത്തിച്ച് അവരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കുറ്റകൃത്യത്തിൽ ഏർപ്പെടുന്ന ജീവനക്കാരെ തിരികെ നാട്ടിലെത്തിച്ച് അവരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കുന്നതിന് കാലാകാലങ്ങളിൽ നിലവിലുള്ള ക്രിമിനൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | വർഷാവർഷം നടത്തുന്ന ഓഡിറ്റിംഗ് സംവിധാനം കാര്യക്ഷമമാക്കി ക്രമക്കേടുകൾ ഉണ്ടെങ്കിൽ വേഗത്തിൽ അവ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | വർഷാവർഷം നടത്തുന്ന ഓഡിറ്റിംഗ് സംവിധാനം കാര്യക്ഷമമാക്കി ക്രമക്കേടുകൾ വേഗത്തിൽ കണ്ടെത്തുന്നതിനും സഹകരണ രംഗത്ത് സുതാര്യതയും വിശ്വാസ്യതയും ഊട്ടിയുറപ്പിക്കുന്നതിനും സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.<br><br>ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് 2022 ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശീലന പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ |

| | | | |
|---|---|---|---|
| | | | അക്കൗണ്ടിംഗ് സമ്പ്രദായം പൊതുവായ അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് (GAAP) ലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ വികസിപ്പിച്ചെടുക്കുന്നതിനും ഓഡിറ്റിംഗ് മാന്വൽ, ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയിൽ പരിഷ്കരണങ്ങൾ നടത്തുന്നതിനും സത്വര നടപടികളുമായി വകുപ്പ് മുന്നോട്ട് പോകുകയാണ്. സഹകരണ ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിലേയ്ക്ക് ഒരു ടീമിനെ നിയോഗിക്കുകയും സഹായിക്കുന്നതിലേയ്ക്കായി ഒരു വെറ്റിങ്ങ് കമ്മറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റ് മാട്രിക്സിന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നല്കുകയും, ആഡിറ്റ് മാട്രിക്സിൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെടുത്തി ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് ടീമിനും ഓഡിറ്റ് ഓഫീസുകൾക്കും ആവശ്യമായ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദവും കുറ്റമറ്റതുമായ രീതിയിൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുവാൻ തത്വത്തിൽ തീരുമാനിക്കുകയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വർഷങ്ങളായി നടക്കുന്ന ക്രമക്കേടുകൾ ഓഡിറ്റിംഗിൽ കണ്ടുപിടിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ ഓഡിറ്റിംഗ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വർഷാവർഷം നടത്തുന്ന ഓഡിറ്റിംഗ് സംവിധാനം കാര്യക്ഷമമാക്കി ക്രമക്കേടുകൾ വേഗത്തിൽ കണ്ടെത്തുന്നതിനും സഹകരണ രംഗത്ത് സുതാര്യതയും വിശ്വാസ്യതയും ഊട്ടിയുറപ്പിക്കുന്നതിനും സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് 2022 ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി. അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് സമ്പ്രദായം പൊതുവായ അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് (GAAP) ലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ വികസിപ്പിച്ചെടുക്കുന്നതിനും ഓഡിറ്റിംഗ് മാന്വൽ, ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയിൽ പരിഷ്കരണങ്ങൾ നടത്തുന്നതിനും സത്വര നടപടികളുമായി വകുപ്പ് മുന്നോട്ട് പോകുകയാണ്. സഹകരണ ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിലേയ്ക്ക് ഒരു ടീമിനെ നിയോഗിക്കുകയും സഹായിക്കുന്നതിലേയ്ക്കായി ഒരു വെറ്റിങ്ങ് കമ്മറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റ് മാട്രിക്സിന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നല്കുകയും, ആഡിറ്റ് മാട്രിക്സിൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെടുത്തി ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് ടീമിനും ഓഡിറ്റ് ഓഫീസുകൾക്കും ആവശ്യമായ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദവും കുറ്റമറ്റതുമായ രീതിയിൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുവാൻ തത്വത്തിൽ തീരുമാനിക്കുകയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ